www.gospelinmalayalam.com

# LETTER OF PAUL TO TITUS

## TITUS - തിത്തൂസ്

വി. പൗലൂസിന്റെ ഏറ്റം വിശ്വസ്തരായ കൂട്ടുവേലക്കാരിൽ ഒരുവൻ. ജാതിയിൽ നിന്ന് രക്ഷിക്കപ്പെട്ട് കർത്താവിങ്കലേയ്ക്ക് വന്ന വ്യക്തി. യഹൂദാ പാരമ്പര്യപ്രകാരമുള്ള പരിഛേദന ഏറ്റിട്ടില്ല. ന്യായപ്രമാണത്തിൽ നിന്നും ഉള്ള സ്വാതന്ത്ര്യത്തിന് ഉദാഹരണമായി എടുത്തു കാട്ടാവുന്ന വിശ്വാസി.

വി. പൗലൂസ് അനേകം സുവിശേഷ പ്രവർത്തനങ്ങൾക്ക് തിത്തൂസിനെ വിവിധ സഭകളിലേയ്ക്ക് അയച്ചിട്ടുണ്ട്.

കൊരിന്തിലേക്ക് 3 പ്രാവശ്യം അയച്ചതായി ലേഖനങ്ങളിൽ കാണുന്നു.

ഒടുവിലായി ക്രേത്ത എന്ന ദ്വീപിൽ നിലനിന്ന സഭയിലേക്ക് തീത്തൂസിനെ അയച്ചു.

തിത്തൂസ് ക്രേത്തയിൽ ശുശ്രൂഷ ചെയ്യുമ്പോൾ തന്നെ, തിഹിക്കോസിനെയോ അർത്തെമാസിനെയോ ചുമതല ഏല്പിച്ചിട്ട്, പൗലൂസിനോടൊപ്പം നിക്കോപ്പൊലിസി ലേക്കും, അവിടെ നിന്നും ദൽമാന്യയിലേക്കും (യൂഗോസ്ലോവ്യ) അയക്കപ്പെട്ടു.

ഒടുവിലായി ക്രേത്തയിൽ മടങ്ങിയെത്തി അവിടെ ജീവാവസാനം വരെ സഭയുടെ ചുമതല വഹിച്ചു.

പൗലൂസ് ഈ കത്ത് മാസിഡോണിയയിൽ ഇരിക്കുമ്പോൾ എഴുതിയതാണ് എന്ന് കരുതപ്പെടുന്നു.

കൊരിന്തിൽ ഇരിക്കുമ്പോൾ എഴുതിയതാകാനും വഴിയുണ്ട്.

## Purpose of this Letter - ഈ കത്തിന്റെ ഉദ്ദേശം

ക്രേത്തയിലെ സഭയിൽ തിത്തൂസ് എന്തെല്ലാം ഉത്തരവാദിത്വം നിവർത്തിക്കണം.

തിത്തൂസിനെ ശക്തിയോടും അധികാരത്തോടും കൂടി സഭയെ വിശ്വാസത്തിൽ നിലനിർത്തേണ്ടതിന് ധൈര്യം പകരുന്ന കത്താണിത്.

ദുരുപദേശകരെ നേരിടേണ്ടത് എങ്ങനെ, ദുർമാർഗ്ഗത്തിൽ ജീവിക്കുന്നവരെ എങ്ങനെ സത്യമാർഗ്ഗത്തിലേക്ക് കൊണ്ടുവരണം, സഭയുടെ മൂപ്പന്മാർ എത്തരക്കാരായിരിക്കണം, വിവിധ പ്രായക്കാരോട് എങ്ങനെ ഇടപെടണം ഇങ്ങനെ വൈവിധ്യമായ വിഷയങ്ങൾ പൗലൂസിന്റെ ഉപദേശങ്ങളിൽ നിറഞ്ഞു നിൽക്കുന്നു.

## Opening Greetings 1:1-4

**നിത്യജീവന്റെ വാഗ്ദത്തം** - മനുഷ്യരുടെ വീണ്ടെടുപ്പിനായി ദൈവം നൽകിയ വാഗ്ദത്തം, പ്രത്യാശ, സകല കാലത്തിനും മുമ്പേ വാഗ്ദത്തം ചെയ്തു.

(Eph 3:4,5   1 Pet 1:11,12)

Eph 3:4,5 — *നിങ്ങൾ അതു വായിച്ചാൽ ക്രിസ്തുവിനെ സംബന്ധിച്ചുള്ള മർമ്മത്തിൽ എനിക്കുള്ള ബോധം നിങ്ങൾക്കു ഗ്രഹിക്കാം. ആ മർമ്മം ഇപ്പോൾ അവന്റെ വിശുദ്ധ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും ആത്മാവിനാൽ വെളിപ്പെട്ടതുപോലെ പൂർവ്വകാലങ്ങളിൽ മനുഷ്യർക്കു അറിയായ് വന്നിരുന്നില്ല.*

1 Pet 1:11,12 — *അവരിലുള്ള ക്രിസ്തുവിൻ ആത്മാവു ക്രിസ്തുവിന്നു വരേണ്ടിയ കഷ്ടങ്ങളെയും പിൻവരുന്ന മഹിമയെയും മുമ്പിൽകൂട്ടി സാക്ഷീകരിച്ചപ്പോൾ സൂചിപ്പിച്ച സമയം ഏതോ എങ്ങിനെയുള്ളതോ എന്നു പ്രവാചകന്മാർ ആരാഞ്ഞുനോക്കി, തങ്ങൾക്കായിട്ടല്ല നിങ്ങൾക്കായിട്ടത്രേ തങ്ങൾ ആ ശുശ്രൂഷ ചെയ്യുന്നു എന്നു അവർക്കു വെളിപ്പെട്ടു; സ്വർഗ്ഗത്തിൽ നിന്നു അയച്ച പരിശുദ്ധാത്മാവിനാൽ നിങ്ങളോടു സുവിശേഷം അറിയിച്ചവർ അതു ഇപ്പോൾ നിങ്ങളെ ഗ്രഹിപ്പിച്ചിരിക്കുന്നു. അതിലേക്കു ദൈവദൂതന്മാരും കുനിഞ്ഞുനോക്കുവാൻ ആഗ്രഹിക്കുന്നു.*

ദൈവത്തിൻ അനാദികാലം മുന്നമേ മറഞ്ഞിരുന്ന മർമ്മം എന്ന് പൗലൂസ് ഇതിനെ വിശദീകരിക്കുന്നു.

fleettech@gmail.com

www.gospelinmalayalam.com

യഹൂദന് ന്യായപ്രമാണം ലഭിച്ചു.

എന്നാൽ ഈ നിത്യജീവന്റെ വാഗ്ദത്തം അവർക്ക് മറഞ്ഞിരുന്നു.

ഈ മറഞ്ഞിരുന്ന മർമ്മത്തെ ദൈവം 'കാലത്തികവിങ്കൽ' മാത്രമേ വെളിപ്പെടുത്തിയുള്ളൂ.

പഴയനിയമ പ്രവാചകന്മാർ ഒക്കെയും ഇതിനെപ്പറ്റിയുള്ള പല കാര്യങ്ങളും പ്രസ്താവിച്ചു.

എന്നാൽ ഈ രക്ഷയുടെ പൂർണ്ണ വെളിപ്പാട് അവർക്കുപോലും മറഞ്ഞിരുന്നു.

ഇന്ന് ദൈവം വെളിപ്പെടുത്തിയ യേശുക്രിസ്തുവിന്റെ കാൽവറി യാഗത്തിലുള്ള വിശ്വാസത്താൽ സ്വന്തമാക്കാൻ കഴിയുന്ന ഈ നിത്യജീവന്റെ വാഗ്ദത്തം യഹൂദന് ഇടർച്ചയും തടങ്കൽപാറയും ആയിത്തീർന്നു.

തർസോസിലെ പണ്ഡിതനായ ശൗലിനുപോലും ഇത് മനസ്സിലായിരുന്നില്ല. അതിനാൽ ശൗൽ (പൗലൂസ്) ഈ മാർഗ്ഗത്തിന്റെ ഉപദ്രവകാരിയായിത്തീർന്നു.

തനിക്കു ലഭിച്ച അറിവുകൊണ്ടോ, വിദ്യാസമ്പന്നതകൊണ്ടോ ഈ രക്ഷയെ സ്വീകരിക്കാൻ പൗലോസിന് കഴിഞ്ഞില്ല.

നമ്മുടെ കർത്താവ് തന്നെ പ്രസ്താവിച്ചു: 'ജ്ഞാനികൾക്കും വിവേകികൾക്കും മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തി' എന്ന്.

ദൈവത്തിന്റെ വാഗ്ദത്തത്തിൽ പ്രത്യാശവെച്ച് വിശ്വാസത്തിലേക്ക് വന്ന ക്രേത്തയിലെ ജനത്തെ 'വിശ്വാസസ്ഥിരത' ഉള്ളവരാക്കി നിർത്തുക എന്നതായിരുന്നു പൗലൂസിന്റെ ലക്ഷ്യം.

ക്രേത്ത ദ്വീപിലെ സാമൂഹ്യ ചുറ്റുപാടുകളും, സന്മാർഗ്ഗ ജീവിതവും വളരെ പരിതാപകരം ആയിരുന്നു.

ഈ ദ്വീപിലുള്ള മനുഷ്യർ ബാഹ്യലോകവുമായി തീരെ ബന്ധമില്ലാത്തവർ ആയിരുന്നു.

കടൽകൊള്ളക്കാരും കടലിൽ ദൂരയാത്ര ചെയ്യുന്നവരുമായി മാത്രം അവർ ഇടപെട്ടു. പരസ്പരം കലഹിച്ചുകൊണ്ട് കാലംപോക്കിയ ഏതാണ്ട് 5 ജാതി വിഭാഗങ്ങൾ ക്രേത്തയിൽ താമസക്കാരായി ഉണ്ടായിരുന്നു.

ഈ ദ്വീപിൽ നിന്ന് കർത്താവിങ്കലേക്ക് വന്ന വിശ്വാസികൾ പോലും സ്വഭാവത്തിലും പെരുമാറ്റത്തിലും ജീവിത രീതിയിലും മറ്റുള്ളവരിൽ നിന്നും ഒട്ടും വ്യത്യസ്തത പുലർത്തിയില്ല.

ഈ സഭയെ യഥാർത്ഥ സത്യവിശ്വാസത്തിലേക്കും വിശുദ്ധ ജീവിതത്തിലേക്കും കൊണ്ടുവരാനുള്ള ഭാരിച്ച ജോലി വി. പൗലൂസ് തീത്തൂസിനെ ഏല്പിക്കുന്ന കത്താണിത്.

ഈ വലിയ ദൗത്യം നിറവേറ്റാൻ **'ധാരാളമായ കൃപ'** ദൈവത്തിൽ നിന്നു പ്രാപിക്കണം.

തിത്തോസിന് ദൈവം 'കൃപയും സമാധാനവും' നൽകട്ടെ എന്ന് പൗലൂസ് ആശംസിക്കുന്നു.

തിമോത്തിയെപ്പോലെ തന്നെ പൗലൂസ് തിത്തൂസിനെയും സ്വന്തം മകനായി കാണുകയും സ്നേഹിക്കുകയും ചെയ്യുന്നു.

ഈ ലേഖനത്തിൽ പ്രധാനമായും 4 വസ്തുതകളാണ് പൗലൂസ് തിത്തൂസിനെ ഭരമേല്പിക്കുന്നത്.

1. യോഗ്യരായ മൂപ്പന്മാരെ നിയോഗിക്കുക. Ordain Qualified Elders.
2. കപട ഉപദേശകരെ ശാസിക്കുക. Rebuke False Teachers.
3. പഥ്യോപദേശം പ്രസംഗിക്കുക. Speak Sound Doctrine.
4. നല്ല വേലയ്ക്കായി സഭയെ ഉണർത്തുക. Inspire Church to do good works.

fleettech@gmail.com

www.gospelinmalayalam.com

### 1:5-9 സഭയിലെ മൂപ്പന്മാരുടെ യോഗ്യത (Qualification of Elders)

1:5 അ. പൗലൂസ് തിത്തോസിനു കൊടുത്ത ഉത്തരവാദിത്വം വലിയത്.

1. സഭയിലെ കാര്യങ്ങൾ ക്രമത്തിലാക്കുക
2. പട്ടണം തോറും മൂപ്പന്മാരെ ആക്കി വയ്ക്കുക.

ഓരോ സഭയക്കും മൂപ്പൻ വേണം. ആരാണ് മൂപ്പൻ?

Elder/ Bishop/overseer = ഈ പദങ്ങൾ എല്ലാം അർത്ഥമാക്കുന്നത് ഏകദേശം ഒരേ ഉത്തരവാദിത്വം നിറവേറ്റുന്ന വ്യക്തി എന്ന്.

മൂപ്പൻ/അദ്ധ്യക്ഷൻ - ഇവരെ അഭിഷേകം ചെയ്യുന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവ്

Acts 20:28 *നിങ്ങളെത്തന്നേയും താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ.*

എന്താണ് അദ്ധ്യക്ഷന്റെ ജോലി - Pastoring പരിപാലനം (സഭയെ പരിപാലിക്കുക)

Guarding the truth - സത്യവിശ്വാസത്തെ സംരക്ഷിക്കുക.

General oversight of the work - സഭയുടെ എല്ലാ പ്രവർത്തനത്തിനും മേൽനോട്ടം വഹിക്കുക.

ഇതിൽ സാമ്പത്തിക വിഷയങ്ങളും ശ്രദ്ധയോടെ നോക്കണം. (Acts 11:30)

Acts 11:30, 31 *അപ്പോൾ യെഹൂദ്യയിൽ പാർക്കുന്ന സഹോദരന്മാരുടെ ഉതവിക്കായി ശിഷ്യന്മാരിൽ ഓരോരുത്തൻ പ്രാപ്തിപോലെ കൊടുത്തയപ്പാൻ നിശ്ചയിച്ചു. അവർ അതു നടത്തി, ബർന്നബാസിന്റെയും ശൌലിന്റെയും കയ്യിൽ മൂപ്പന്മാർക്കു കൊടുത്തയച്ചു.*

1:6 മൂപ്പന്റെ കുടുംബത്തിന്റെ യോഗ്യത

മൂപ്പൻ കുറ്റം ഇല്ലാത്തവൻ ആയിരിക്കണം. ആരും കുറ്റം പറയുവാൻ ഒരു കാരണവും അവന്റെ ജീവിതത്തിൽ പാടില്ല.

മൂപ്പൻ ഏകഭാര്യയുള്ളവൻ ആയിരിക്കണം. ബഹുഭാര്യാത്വം യഹൂദന്മാരുടെ ഇടയിലും ജാതികളുടെ ഇടയിലും നിലനിന്നിരുന്ന കാലമായിരുന്നു അന്ന്. എന്നാൽ മൂപ്പൻ ഏകഭാര്യയുള്ളവൻ ആയിരിക്കണം.

മൂപ്പന്റെ മക്കൾ - ദുർന്നടപ്പിന്റെ ശ്രുതി അവരെപ്പറ്റി ഉണ്ടായിരിക്കരുത്. അവർ അനുസരണമുള്ളവർ ആയിരിക്കണം. അവർ വിശ്വാസികൾ (രക്ഷിക്കപ്പെട്ടവർ) ആയിരിക്കണം.

1:7 മൂപ്പനെ അയോഗ്യനാക്കുന്ന വിഷയങ്ങൾ

മൂപ്പൻ (അധ്യക്ഷൻ) - ദൈവത്തിന്റെ ഗൃഹവിചാരകൻ ആണ്. ഇത് ഭയത്തോടെ ഓർത്ത് തന്നെത്തന്നെ വിശുദ്ധിയിൽ തികഞ്ഞവൻ ആയി സൂക്ഷിക്കേണം.

മൂപ്പൻ - അനിന്ദ്യൻ ആയിരിക്കണം. ആരും കുറ്റംപറവാൻ ഇടവരാതെവണ്ണം ജീവിതമുള്ളവർ.

മൂപ്പൻ - തന്നിഷ്ടക്കാരൻ ആകരുത്. സ്വന്ത ഇഷ്ടം മാത്രം നോക്കി മറ്റുള്ളവരുടെ ഇഷ്ടങ്ങളെയോ താല്പര്യങ്ങളെയോ മാനിക്കാത്തവൻ ആകരുത്.

മൂപ്പൻ - കോപി (മുൻകോപി) ആകരുത്, മദ്യപ്രിയൻ ആകരുത്, തല്ലുകാരൻ ആകരുത്. ദുർലാഭമോഹി ആകരുത്.

ഈ വക സ്വഭാവമുള്ളവർ സഭയെ ഭരിപ്പാനും പരിപാലിപ്പാനും യോഗ്യരല്ല.

fleettech@gmail.com

www.gospelinmalayalam.com

1:8-9 മൂപ്പന്റെ നല്ല ഗുണങ്ങൾ

മൂപ്പൻ – അതിഥി പ്രിയൻ ആയിരിക്കണം. സൽഗുണ പ്രിയൻ ആയിരിക്കണം. സുബോധ ശീലൻ ആയിരിക്കണം. നീതിമാൻ ആയിരിക്കണം. നിർമ്മലൻ ആയിരിക്കണം. ജിതേന്ദ്രിയൻ ആയിരിക്കണം. വിശ്വാസ വചനം മുറുകെ പിടിക്കുന്നവൻ ആയിരിക്കണം.

പഥ്യോപദേശത്തിൽ പ്രബോധിപ്പിക്കുവാൻ കഴിവുള്ളവൻ ആയിരിക്കണം. വിരോധികൾക്കും ബോധം വരുത്തുവാൻ കഴിവുള്ളവൻ ആയിരിക്കണം.

വി. പൗലൂസ് ഒന്നാം നൂറ്റാണ്ടിൽ തീത്തൂസിനു കൊടുത്ത ഈ ഉപദേശം ഇന്നും ഒരു മാറ്റവും ഇല്ലാതെ തുടരേണ്ടതാണ്.

ഒരു ക്രിസ്തീയ ഗ്രൂപ്പിന്റെയോ congregation ന്റെയോ തലപ്പത്ത് ഇരിപ്പാനുള്ള യോഗ്യത ദൈവത്തിന്റെ പരിശുദ്ധാത്മാവ് വ്യക്തമായി നിർവചിച്ചിരിക്കുന്നു.

അദ്ധ്യക്ഷസ്ഥാനം വലിയ ഉത്തരവാദിത്വമത്രെ.

അദ്ധ്യക്ഷൻ യാതൊരു കുറ്റവും പറവാൻ വകയില്ലാത്ത അനിന്ദ്യൻ ആയ വ്യക്തി ആയിരിക്കണം.

ഇതു വായിക്കുന്ന ഓരോ വിശ്വാസിയും ഓർക്കേണ്ടത്, ഇത് elder ക്ക് മാത്രമുള്ള ഉപദേശമല്ല. ഓരോ ദൈവപൈതലും ഈ quality തങ്ങളുടെ ജീവിതത്തിൽ കാണിപ്പാൻ ബാധ്യതയുള്ളവരാണ്.

പരിശുദ്ധാത്മാവു വെളിപ്പെടുത്തിയിരിക്കുന്ന ഈ qualities ഒരു കണ്ണാടി (Mirror)അത്രെ.

നമുക്ക് ഇതിന്റെ മുമ്പിൽ നിന്നുകൊണ്ട് നമ്മെത്തന്നെ സൂക്ഷ്മതയോടെ ശോധന ചെയ്യാം.

മാറ്റേണ്ടതിനെ മാറ്റാനും നല്ലതിനെ സ്വന്തമാക്കാനും ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

1:10-11 യഹൂദാ പാരമ്പര്യ വാദികൾ

ഒന്നാം നൂറ്റാണ്ടിലെ സഭ നേരിട്ട വലിയ പോരാട്ടത്തിൽ ഒന്ന് യഹൂദാ പാരമ്പര്യവാദികളാലുള്ള കപട ഉപദേശം ആയിരുന്നു.

പരിച്ഛേദന നിർബന്ധമായും ഏൽക്കണം എന്ന് വാചാലമായി പ്രസംഗിച്ചുകൊണ്ടു നടക്കുന്നവർ എല്ലാ ഇടങ്ങളിലുമുള്ള സഭകളിൽ പ്രയാസങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നു.

അവരെ വി. പൗലൂസ് വിളിക്കുന്നു 'വൃഥാവാചാലന്മാർ', 'മനോവഞ്ചകന്മാർ', 'വഴങ്ങാത്തവർ'.

വി. പൗലൂസിലൂടെ സഭ നൽകപ്പെട്ടിരിക്കുന്ന വിശ്വാസ സത്യങ്ങൾക്ക് എതിരെ വഞ്ചനയോടെ നിന്നവർ ആയിരുന്നു ഈ പാരമ്പര്യവാദികൾ.

ഈ കപട ഉപദേശകന്മാർ രക്ഷയ്ക്ക് ക്രിസ്തുവേശുവിൽ വിശ്വാസിക്കു നൽകപ്പെട്ട ദൈവകൃപയോടു കൂടെ യഹൂദാപാരമ്പര്യമുള്ള നിയമങ്ങളും, ശുദ്ധീകരണ പ്രക്രിയകളും, ഭക്ഷ്യപദാർത്ഥങ്ങൾ സംബന്ധിച്ചും, ജഢശുദ്ധീകരണം മുതലായവ സംബന്ധിച്ചുമുള്ള നിയമങ്ങളും പാലിക്കണം എന്ന് വാചാലമായി പ്രസംഗിച്ചുകൊണ്ട് നടന്നു.

സഭയുടെ ശിക്ഷണം തിരസ്കരിക്കുന്നവർ (Undisciplined Person) എന്ന് പൗലൂസ് ഇവരെ വിളിക്കുന്നു.

ഈ വകക്കാർ വൃഥാവാചാലന്മാർ (Empty talkers) അത്രെ. ഇവരുടെ വാതോരാതെയുള്ള പ്രസംഗം ആരുടെയും ജീവിതത്തിൽ ഒരു നന്മയും അനുഗ്രഹവും വരുത്താൻ കഴിവുള്ളതല്ല.

fleettech@gmail.com

www.gospelinmalayalam.com

ഒരു അദ്ധ്യാപകൻ യാഥാർത്ഥ്യങ്ങളുമായി ബന്ധമില്ലാത്ത അനുമാനങ്ങൾ നിറഞ്ഞ വാതോരാതെ പ്രസംഗിച്ചാൽ അത് തന്റെ കുട്ടികൾക്ക് ഒരു പ്രയോജനവും വരുത്തുകയില്ല.

ഈ വകക്കാരെ പൗലൂസ് വിളിച്ചത് മനോവഞ്ചകർ എന്നാണ്. (Deceivers)

ഇവരുടെ പ്രസംഗം കുടുംബങ്ങളെ 'മറിച്ചു കളയുന്നതായിരുന്നു' (upset the whole household).

കുടുംബങ്ങൾക്കുള്ളിൽ വെറും സംശയങ്ങളും ചോദ്യങ്ങളും മാത്രം ശേഷിപ്പിക്കുന്ന പ്രസംഗങ്ങൾ ഗുണത്തേക്കാൾ വലിയ ദോഷം വരുത്തിവെയ്ക്കും.

ഈ യഹൂദാ പാരമ്പര്യവാദികൾ ജനത്തിന്റെ നന്മയെക്കാൾ തങ്ങളുടെ വ്യക്തിപരമായ ഉയർച്ചയും പ്രശംസയും ഒക്കെയാണ് ഉന്നം വെച്ചത്. (Personal advancement and professional profit).

ഇത്തരക്കാരെ യഥാർത്ഥ ക്രിസ്തീയ പഥ്യോപദേശം ശക്തിയോടെ പ്രബോധിപ്പിച്ചും ഉയർത്തിക്കാട്ടിയും അവരുടെ വായ അടപ്പിക്കണം. തീത്തൂസിനു പൗലൂസ് കൊടുക്കുന്ന ഉപദേശം ഇതാണ്.

1:12 ക്രേത്ത നിവാസികളുടെ സ്വഭാവത്തെപ്പറ്റിയുള്ള ദുർവർത്തമാനം ഗ്രീക്കു സമൂഹത്തിൽ പ്രസിദ്ധമായിരുന്നു.

സാമ്പത്തിക ലാഭത്തിനു വേണ്ടി എന്തും ഏതു ക്രൂരപ്രവൃത്തിയും ചെയ്യുവാൻ മടിയില്ലാത്തവർ.

വാക്കു പാലിക്കാത്തവർ - സ്വന്ത സഹോദരനോടോ ആത്മാർത്ഥ സുഹൃത്തിനോടു പോലും വഞ്ചന കാട്ടുവാൻ ഒട്ടും മടിയില്ലാത്തവർ.

"വിശ്വസിക്കുവാൻ കൊള്ളാത്ത, വഞ്ചകരായ ക്രേത്തക്കാരെപ്പോലെ ആരെയും ലോകത്തിൽ കാണാൻ കഴിയില്ലെന്ന്" ഗ്രീക്ക്കാരുടെ ഇടയിലുള്ള ചൊല്ല് ആയിരുന്നു.

ഈ വാക്യത്തിൽ വി. പൗലൂസ് അവരെപ്പറ്റി കുറിച്ച വാക്കുകൾ ഒരു ഗ്രീക്കുകവിയുടെ വാക്കുകൾ ആയിരുന്നു. കവിയുടെ പേര് Epimenides.

"ക്രേത്തർ സർവ്വദാ അസത്യവാദികളും ദുഷ്ടജന്തുക്കളും മടിയന്മാരായ പെരുവയറന്മാരും അത്രെ."

ഈ ക്രേത്തരെപ്പറ്റിയുള്ള അറിവ് കേൾക്ക മാത്രമല്ല സ്വയം അനുഭവിക്കയും ചെയ്ത പൗലൂസ് തീത്തോസിനോടു പറയുന്നത് 'തീത്തോസേ കടന്നുപോയി അവരെ വീണ്ടെടുക്ക' എന്നത്രെ.

അങ്ങോട്ടു പോകണ്ട. അവർ നന്നാകുകയില്ല എന്നല്ല.

ലോകത്തിലുള്ള ഒരു വഞ്ചനയും പാപവും ക്രിസ്തുവിന്റെ സുവിശേഷത്തിന് വീണ്ടെടുക്കുവാൻ കഴിയുന്നതിന് അപ്പുറമല്ല.

കൂടിയ ദുഷ്ടതയെ ജയിക്കുവാൻ കൂടിയ കൃപ വേണം. Greater the evil greater the flow of Grace. There is no sin too great for the grace of Jesus Christ to conquer.

1:13-15 യഹൂദാ വിശ്വാസങ്ങളിൽ ധാരാളം നിയമങ്ങളും പാരമ്പര്യമായി ആചരിച്ചു പോരുന്ന രീതികളും ഉണ്ടായിരുന്നു. അതു നിമിത്തം പലതിനെയും 'അശുദ്ധം' എന്ന് എണ്ണപ്പെട്ടിരുന്നു. പ്രത്യേകിച്ചും ഭക്ഷണ വസ്തുക്കളെ സംബന്ധിച്ചുള്ളവ.

ഈ അശുദ്ധം എന്ന വേർതിരിവിനോടൊപ്പം അന്നു പ്രചരിച്ചിരുന്ന "Gnosticism" എന്ന ഗ്രീക്കു പഠിപ്പിക്കലും കൂടിച്ചേരുമ്പോൾ മനുഷ്യശരീരം പോലും മലിനം അഥവാ അശുദ്ധം എന്നുവരും.

ഇങ്ങനെയുള്ള ചിന്തകളും പഠിപ്പിക്കലുകളും ആയിരക്കണക്കിനു സംഗതികളെ 'അശുദ്ധം/പാപം' എന്ന ലിസ്റ്റിൽ എത്തിച്ചു. പലരും ഇതിങ്കൽ തെറ്റിപ്പോകാൻ ഇടവന്നു.

fleettech@gmail.com

www.gospelinmalayalam.com

വിവാഹം കഴിക്കുന്നതും സന്താനങ്ങളെ ജനിപ്പിക്കുന്നതും പോലും പാപത്തിന്റെ ലിസ്റ്റിൽ പെട്ടു.

അ. പൗലൂസ് ഈ തെറ്റായ പഠിപ്പിക്കലുകളെ ഒറ്റ വചനം കൊണ്ടു തകർത്തു. Titus1:15

'ശുദ്ധിയുള്ളവർക്ക് എല്ലാം ശുദ്ധംതന്നെ'.

മലിനന്മാർക്കും അവിശ്വാസികൾക്കും ഒന്നും ശുദ്ധമല്ല. അവരുടെ ചിത്തവും മനസ്സാക്ഷിയും മലിനമായിത്തീർന്നിരിക്കുന്നു."

അ. പൗലൂസ് റോമാ ലേഖനത്തിൽ എഴുതി Rom 14:20.

Rom 14:20 *ഭക്ഷണം നിമിത്തം ദൈവനിർമ്മാണത്തെ അഴിക്കരുത്, എല്ലാം ശുദ്ധംതന്നെ.*

നമ്മുടെ കർത്താവ് യഹൂദാ നിയമങ്ങളെയും രീതികളെയും കുറിച്ച് സംസാരിച്ചപ്പോൾ പറഞ്ഞു.

Mark 7:15 *പുറത്തു നിന്ന് മനുഷ്യന്റെ അകത്തു ചെല്ലുന്ന യാതൊന്നിനും അവനെ ശുദ്ധമാക്കാൻ കഴികയില്ല. അവനിൽനിന്ന് പുറപ്പെടുന്നതത്രെ മനുഷ്യനെ അശുദ്ധമാക്കുന്നത്.*

മനുഷ്യന്റെ ഹൃദയത്തിലെ ചിന്തകളും നിരൂപണങ്ങളുമാണ് അവനെ വിശുദ്ധനോ/ അശുദ്ധനോ എന്ന് തീരുമാനിക്കാനുതകുന്ന വിഷയം.

ഹൃദയശുദ്ധിയുള്ള മനുഷ്യന് എല്ലാം ശുദ്ധം തന്നെ.

ഹൃദയത്തിൽ അശുദ്ധിയുള്ള മനുഷ്യന് എല്ലാം അശുദ്ധം. അവൻ ചിന്തിക്കുന്നതും തൊടുന്നതും സംസാരിക്കുന്നതും, ഭക്ഷിക്കുന്നതും എല്ലാം അശുദ്ധം എന്നു വെളിപ്പെടുന്നു.

ഒരു പഴഞ്ചൊല്ല് ഇങ്ങനെയാണ് 'പാത്രം നല്ലതല്ല എങ്കിൽ അതിൽ പകരുന്നതെല്ലാം കയ്പുള്ളതായി മാറും'.

വേറൊരു ചൊല്ല് ഇങ്ങനെയാണ് 'രോഗം നിറഞ്ഞു നിൽക്കുന്ന വയറ്റിൽ ചെല്ലുന്ന ഏതു ഭക്ഷണവും വിഷമുള്ളതായി മാറ്റപ്പെടുന്നു. അതുപോലെ ഇരുട്ടു നിറഞ്ഞ മനസ്സിൽ പതിയുന്ന ഏതിനെയും വിഷമവും നഷ്ടവും നാശവുമുള്ളതായി ആ മനസ്സ് മാറ്റിത്തീർക്കുന്നു.

ഒരു മനുഷ്യന്റെ മനസ്സും മനസ്സാക്ഷിയും അശുദ്ധിയെ താലോലിച്ചാൽ ഒരിക്കലും നല്ലതു പുറത്തുവരില്ല.

അതുകൊണ്ട് ഒരു വിശ്വാസി സൂക്ഷിക്കുക, കരുതുക:-

മനസ്സാക്ഷിയെ നിർമ്മലമായി സൂക്ഷിക്കുക.

മനസ്സാക്ഷി മലിനപ്പെട്ടാൽ കാണുന്നതും ചിന്തിക്കുന്നതും പറയുന്നതും എല്ലാം അശുദ്ധിയേയും പാപത്തെയും പുറപ്പെടുവിക്കുന്നതായിത്തീരും.

ഈ അശുദ്ധിയെ ജയിക്കാൻ വിശ്വാസി നടക്കണം ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനോടു കൂടെ എന്നും.

1:16 ഇങ്ങനെ മനസ്സാക്ഷിയെ അശുദ്ധി നിറച്ച മനുഷ്യൻ ദൈവത്തെ ബുദ്ധിമണ്ഡലത്തിൽ മാത്രം അറിയും. എന്നാൽ അറിവിനു യോഗ്യമായി നിലനിൽക്കില്ല. പ്രവൃത്തികളാൽ ദൈവത്തെ നിഷേധിക്കുന്നു.

മൂന്നു കാര്യങ്ങൾ അത്തരക്കാരെപ്പറ്റി അ. പൗലൂസ് പറയുന്നു:-

1. **അറക്കത്തക്കവർ:** ആർക്കും സ്വീകരിക്കാൻ കൊള്ളാത്ത ദുശ്ചിന്തകളും മാലിന്യം നിറഞ്ഞ മനസ്സുമുള്ളവർ.
2. **അനുസരണം കെട്ടവർ:** മനസ്സാക്ഷി ഇരുണ്ടുപോയി, വചനം ശ്രവിക്കാനോ അനുസരിക്കാനോ ആർക്കും കഴിയില്ല, ദൈവത്തിന് അനുസരണം കെട്ടവരെ ഉപയോഗിക്കാൻ കഴിയില്ല.

fleettech@gmail.com

www.gospelinmalayalam.com

3. യാതൊരു നല്ല കാര്യത്തിനും കൊള്ളാത്തവൻ:

ഉദാ: അവർ ഒരു കള്ളനാണയം പോലെ usless അത്രെ.

യുദ്ധരംഗത്ത് തോറ്റുകൊടുക്കുന്ന പോരാളി പോലെ.

തള്ളിക്കളഞ്ഞ കല്ല്- ഉപയോഗ ശൂന്യമായ ഇഷ്ടിക പോലെ.

അശുദ്ധിയുള്ള ചിന്തകളെ, ഉപദേശങ്ങളെ മനസ്സിൽ കയറ്റുന്നവർ ദൈവത്തിന് തന്റെ സഭയുടെ കെട്ടുപണിയ്ക്ക് ഒരിക്കലും ഉപയോഗിക്കാൻ പറ്റാത്ത കല്ലുകളായി മാറും.

അവർ ദൈവസഭയ്ക്ക് എന്നും തടസ്സങ്ങളും പ്രശ്നങ്ങളും ഉണ്ടാക്കിക്കൊണ്ടിരിക്കും.

ഇത്തരക്കാരെ കഠിനമായി ശാസിക്ക എന്നുള്ള ഉപദേശം അത്രെ. വി. പൗലൂസ് തിമോത്തിയ്ക്കു നൽകിയിരിക്കുന്നത്.

fleettech@gmail.com